പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2341 27-10-2026-ൽ മറുപടിയ്ക്ക്

ധാതുഖനനം സംബന്ധിച്ച കേന്ദ്രനിയമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. നജീബ് കാന്തപുരം
ശ്രീ. പി. കെ. നവാസ്
ശ്രീ. ഫൈസൽ ബാബു
ശ്രീ. മഞ്ഞളാംകുഴി അലി

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) ധാതുഖനനത്തിനു നികുതി ചുമത്താനുള്ള സംസ്ഥാനങ്ങളുടെ അധികാരം പരിമിതപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ നിയമനിർമ്മാണം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: കേന്ദ്ര സർക്കാരിന്റെ ഖനന നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് ക്യാബിനറ്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര സർക്കാർ 18.08.2026-ന് നടത്തിയ മീറ്റിംഗിൽ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പങ്കെടുക്കുകയും, 1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിന്റെ ഭേദഗതിക്കായി 10.08.2026-ൽ ലോക്സഭയിൽ അവതരിപ്പിച്ച ബില്ലിൽ ആക്ടിലെ സെക്ഷൻ 9 ഭേദഗതി ചെയ്ത് റോയൽറ്റിക്കുപരിയായി സംസ്ഥാന സെസ്സുകൾക്കും നികുതികൾക്കും മേൽ പൂർണ്ണമായ നിരോധനം ഏർപ്പെടുത്തുകയും, ഖനികളും ധാതു വികസനവും നിയന്ത്രിക്കുന്നതിനും ആക്ടിലെ 2, 3 സെക്ഷനുകൾ ഭേദഗതി ചെയ്ത് ധാതുക്കളുടെ സാന്നിധ്യം സംബന്ധിച്ച് കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന ഭൂമിയായി നിർവചിച്ചിരിക്കുന്ന "ധാതു അടങ്ങിയിട്ടുള്ള ഭൂമി" (mineral-bearing lands) നിയന്ത്രിക്കാൻ കേന്ദ്ര സർക്കാരിന് അധികാരം നൽകിയിരിക്കുന്നതും ഇത് സംസ്ഥാന ലിസ്റ്റിലെ എൻട്രി 23 പ്രകാരമുള്ള സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് വിരുദ്ധമാണെന്നും അതുപോലെ സംസ്ഥാന സെസ്സുകൾക്കും നികുതികൾക്കും മേൽ പൂർണ്ണമായ നിരോധനം ഏർപ്പെടുത്തുന്നതിലൂടെ, ഭരണഘടനയുടെ ലിസ്റ്റ് II പ്രകാരം സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള നികുതി സാധ്യതകളെ കേന്ദ്രം ഇല്ലാതാക്കുകയാണ് ചെയ്തിട്ടുള്ളതെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിശദമായ കൂടിയാലോചനകൾക്ക് ശേഷം സംസ്ഥാനങ്ങളിലുടനീളം ഒരു ഏകീകൃത നികുതി വ്യവസ്ഥ അവതരിപ്പിക്കുക എന്നത് മാത്രമാണ് എംഎംഡിആർ ഭേദഗതി നിയമം ഉദ്ദേശിക്കുന്നതെന്നും, ഭേദഗതി ചെയ്ത എംഎംഡിആർ നിയമപ്രകാരം സംസ്ഥാന ലെവികൾ ചുമത്തുന്നതിന്റെ അളവും വ്യവസ്ഥകളും സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് അന്തിമമാക്കുന്നതാണെന്നും, കൺസൾട്ടേഷൻ സംവിധാനത്തിന്റെ വിശദാംശങ്ങൾ യഥാസമയം അറിയിക്കുന്നതാണെന്നും എംഎംഡിആർ നിയമത്തിലെ നിലവിലെ ഭേദഗതി ചെറുകിട ധാതുക്കളുടെ നിയന്ത്രണവും നികുതിയും സംബന്ധിച്ച സംസ്ഥാനങ്ങളുടെ അവകാശങ്ങളെ ബാധിക്കുന്നില്ലെന്നും, എംഎംഡിആർ നിയമത്തിലെ സെക്ഷൻ 14 അനുസരിച്ച്, പുതിയ സെക്ഷൻ 9 D ചെറുകിട ധാതുക്കൾക്ക് ബാധകമല്ലെന്നും കേന്ദ്ര ഖനി മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

(ബി) ധാതുസമ്പത്തുള്ള ഭൂമിയുടെ നിയന്ത്രണം സംബന്ധിച്ച് ആശങ്കകളുണ്ടോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ഖനനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: റയർ എർത്ത്സ് കോറിഡോറടക്കമുള്ള പദ്ധതികളിൽ ഖനനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ചർച്ചകൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ